കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.lfa.kerala.gov](www.lfa.kerala.gov)

# ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത്

## 2014-15 , 2015-16

# ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം

# തൃശ്ശൂർ

## email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ .എസ്. എ. ടി .എസ് .ആർ (ബിപി2)653/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN :680 020 തിയ്യതി 26.05.2017
Ph.No. 0487 2331249
e-mail Id : dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം :ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത് -2014-15,2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-18,3-20,3-23,3-25 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയന്റ് ഡയറക്ടർ

**പകർപ്പ്**

1)കേരളസംസ്ഥാനഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം. കെ .എസ്. എ. ടി .എസ് .ആർ (ബിപി2)653/17

തിയ്യതി 26.05.2017

## തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ2014-15, 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25.2.15 മുതൽ 1.4.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.14 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ശ്രീ.സുരേഷ് ബാബു.വി.<br>ജോയ്റ്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03-04-2017 മുതൽ 12-04-2017 വരെ |

## ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ

| |
|---|
| ശ്രീ..റഫിജോൺ,ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുമിത.ടി.എസ്.,അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽകുമാർ.കെ.സി.,സീനി.ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ഷംസിയ.,ഓഡിറ്റർ |

**2014-15**

(ബി)നിർവ്വഹണാധികാരികൾ

## പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ടി.ജി.ശങ്കരനാരായണൻ | 2014-2015 |

## സെക്രട്ടറി

| പേര് | കാലയളവ് |
|---|---|

| | |
|---|---|
| | |
| ശ്രീ.പി.ഒ.ജോസഫ് | 01-04-2014 മുതൽ 31.03-2015 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സൂപ്രണ്ട്, പി.എച്ച്.സി. ആനന്ദപുരം. | ഡോ.രാജീവ്. | 01-4-2014 മുതൽ 31-03-2015 വരെ |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | അരുൺകുമാർ | 1.4.2015മുതൽ 31-03-2015വരെ |
| പട്ടികജാതി വികസന ഓഫീസർ | പി.എം.സജിനി. | 01-4-2014 മുതൽ 31-03-2015 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | സുശീല | 01-4-2014 മുതൽ 31-03-2015 വരെ |
| വ്യവസായവികസന ഓഫീസർ | ഇ.പി.ഹരീഷ്. | 01-4-2014 മുതൽ 31-03-2015 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ജോയ് ജോർജ്ജ് | 01-4-2014 മുതൽ 31-03-2015 വരെ |

| | | |
|---|---|---|
| ശിശു വികസന ഓഫീസർ | എം.സുധ. | 01-4-2014 മുതൽ 31-3-2015 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശാലിനി | 01-4-2014 മുതൽ 31-3-2015 വരെ |

**2015-16**

(ബി)നിർവ്വഹണാധികാരികൾ

## പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ടി.ജി.ശങ്കരനാരായണൻ. | 01-04-2015 മുതൽ 04-11-2015 വരെ |
| ശ്രീ.വി.എ.മനോജ്ക്കുമാർ | 05-11-2015 മുതൽ 31-03-2016 വരെ |

## സെക്രട്ടറി

| പേര് | കാലയളവ് |
|---|---|

| | |
|---|---|
| ശ്രീ.പി.ഒ.ജോസഫ് | 01-04-2015 മുതൽ 14-02-2016 വരെ |
| ശ്രീ.വിഷ്ണു നമ്പൂതിരി | 15-02-2016 മുതൽ 31-03-2016 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സൂപ്രണ്ട്, പി.എച്ച്.സി. ആനന്ദപുരം. | ഡോ. രാജീവ് | 01-04-2015മുതൽ 31-3-2016 വരെ |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | അരുൺകുമാർ | 1.4.2015മുതൽ 18-06-2015വരെ |
| | ഫിലോ.ഡി.വർഗ്ഗീസ് | 19-6-2015 മുതൽ 31-7-2015 വരെ |
| | ബിജു. | 01-8-2015 മുതൽ10-092015 വരെ |
| | ഷൈബി ജോർജ് | 11-9-2015 മുതൽ 31-03-2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | പി.എം.സജിനി. | 01-4-2015 മുതൽ 31-03-2016വരെ |

| | | |
|---|---|---|
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | സുശീല | 01-4-2015മുതൽ 31-03-2016 വരെ |
| വ്യവസായവികസന ഓഫീസർ | ഇ.പി.ഹരീഷ്. | 01-4-2015മുതൽ 31-03-2016വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ജോയ് ജോർജ്ജ് | 01-4-2015മുതൽ 31-3-2016 വരെ |
| ശിശു വികസന ഓഫീസർ | എം.സുധ. | 01-4-2015മുതൽ 31-03-2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശാലിനി | 01-4-2015മുതൽ 31-03-2016വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | അഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-9 |
| | **ഭാഗം 2** | |
| 10 | വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല | 2-1 |
| 11 | ബ്ളോക്ക് പഞ്ചായത്ത് പണികഴിപ്പിച്ചതും / കൈമാറിക്കിട്ടിയതുമായ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. | 2-2 |
| 12 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 2-3 |

| | | |
|---|---|---|
| | | |
| | ഭാഗം -3 | |
| 13 | അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 3-1 |
| 14 | ആസ്തികളുടെ പരിപാലനം | 3-2 |
| 15 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി | 3-3 |
| 16 | സാമൂഹ്യസുരക്ഷാമിഷന് പണം കൊടുക്കൽ | 3-4 |
| 17 | പദ്ധതി ഏറ്റെടുക്കുമ്പോൾ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. | 3-5 |
| 18 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 3-6 |
| 19 | അലോപ്പതി ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 3-7 |
| 20 | ഐ.എ.വൈ. ഭവന നിർമ്മാണം -പണി പൂർത്തീകരിക്കാത്തവർ | 3-8 |
| 21 | ബയോഗ്യാസ് യൂണിറ്റ് പ്രവർത്തന യോഗ്യമാക്കേണ്ടതാണ് | 3-9 |

| | | |
|---|---|---|
| 22 | നോഡൽ പ്രേരകിന് ബ്ളോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ഓണറേറിയം നൽകിയത് -സാക്ഷരതാ മിഷനിൽ നിന്ന് ലഭിക്കുവാനുള്ള തുക -170920/-രൂ. | 3-10 |
| 23 | തനത് ഫണ്ടിൽ നിന്ന് ശുചിത്വ മിഷൻ ഫണ്ടിലേക്ക് മാറ്റിയിട്ട തുക റീകൂപ്പ് ചെയ്തിട്ടില്ല. | 3-11 |
| 24 | നിർമ്മൽ പുരസ്കാര തുക -ചെലവഴിക്കാതെ അവശേഷിക്കുന്ന തുക -218550.50/രൂ ഉപയോഗപ്പെടുത്തേണ്ടതാണ്. | 3-12 |
| 25 | ശുചിത്വ മിഷൻ പ്രത്യേക കണക്ക് സൂക്ഷിക്കുന്നില്ല | 3-13 |
| 26 | നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാത്തത്, | 3-14 |
| 27 | ഒന്നിലധികം പ്രവൃത്തികൾ ചേർത്ത് ഒരു പ്രൊജക്റ്റായി ഏറ്റെടുത്തത്-പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം | 3-15 |
| 28 | ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി. | 3-16 |

| | | |
|---|---|---|
| 29 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല. | 3-17 |
| 30 | നെടുമ്പാൾ തെക്കുമുറി ലിഫ്റ്റ് ഇറിഗേഷൻ-കമ്മീഷൻ ചെയ്തിട്ടില്ല. | 3-18 |
| 31 | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം -അപാകങ്ങൾ | 3-19 |
| 32 | റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്. | 3-20 |
| 33 | ഐ എ വൈ ഭവന നിർമ്മാണം സ്റ്റേറ്റ് ഷെയർ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. | 3-21 |
| 34 | ബാലസഭ നടത്തിപ്പ്-അപാകതകൾ | 3-22 |
| 35 | പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ധനസഹായം-നടത്തിപ്പിലെ അപാകതകൾ | 3-23 |
| 36 | ദീർഘകാലരോഗികളുടെയും മാറാരോഗികളുടെയും പരിചരണത്തിനുള്ള | 3-24 |

| | | |
|---|---|---|
| | ഹോംകെയർ സംവിധാനം-നടത്തിപ്പിലെ അപാകതകൾ | |
| 37 | ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്ത റോഡ് പ്രവൃത്തികൾ - അടിയന്തിരശ്രദ്ധക്ഷണിക്കുന്നു | 3-25 |
| 38 | തെറ്റായ സ്പെസിഫിക്കേഷനിൽ കോൺക്രീറ്റിങ്ങ് നടത്തി-13,323 രൂപ നഷ്ടം | 3-26 |
| 39 | തൊട്ടിപ്പാൾ തെക്കെ ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി- തുടർനടപടികളെടുക്കേണ്ടതാണ് . | 3-27 |
| | ഭാഗം 4 | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



# ഭാഗം -1
# പൊതു അവലോകനം


# പൊതു അവലോകനം



## 1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 25.02.2014 തിയതിയിലെ 1൦ം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 204896635/-രൂപയും, ചെലവ് 204685914/-രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിലും ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.2014-15

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2015 | 21-07-2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.2014-15

അപാകതകൾ

1.നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

2.ഐഎവൈ വായ്പ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.ബി ഫണ്ട് വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

*4.*റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് *40 b* പ്രകാരം നിർമ്മൽ പുരസ്കാര അക്കൗണ്ടിൽ ബാലൻസ് *1509912/-*രൂ ഉണ്ട്.എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി*4-*പ്രകാരം നിർമ്മൽ പുരസ്കാരം ഇനത്തിൽ ബാലൻസ് *62759/-*രൂ ആണ് .

*5.*സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാലൻസ് ഇല്ല .എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി*14-*പ്രകാരം *4650/-*രൂപ ബാലൻസ് ആയി കാണിച്ചിട്ടുണ്ട്.സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
6.വാടക ഡിസിബി തയ്യാറാക്കിയിട്ടില്ല.
7.അഡ്വാൻസ്,ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

8.ഐ.എ.വൈ വായ്പ നൽകുന്നതിനായി സഹകരണ ബാങ്കുകളിൽ ആരംഭിച്ച *5* അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം 2014-15

മുന്നിരിപ്പ് -16906984.00

വരവ് -56947579.00

ആകെ -73854563.00

ചെലവ് -51104093.00

നീക്കിയിരിപ്പ് -22750470.00

## 1-5 ഫണ്ട് വിനിയോഗം 2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2324 | 13229000 | 13231324 | 13165820 | 65504 |
| വികസനഫണ്ട് എസ്.സി.പി. | 357745 | 9146000 | 9503745 | 9481126 | 22619 |
| വികസനഫണ്ട് ടി.സ്.പി. | 16000 | 19000 | 35000 | 35000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1827464 | 1827464 | 1826137 | 1327 |

## 1-6പദ്ധതി അവലോകനം.2014-15

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 47 | 22770069 | 47 | 22681946 | 0 | 0 | 100 |

**1-7 തനത് വരുമാനം.2014-15**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| മറ്റുവരവുകൾ | 493676 | 589865 | 96189 | 16 |
| ആകെ | 493676 | 589865 | 96189 | |

**1-8 ആഭ്യന്തരനിയന്ത്രണം.**

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3.അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
4.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

**1-9 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 20.01.16 | 2014-15 | 6.6.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.2.2017 | 01.2.2015-10.2.2017 | - |

**1-1 ബജറ്റ്(2015-16)**

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 25.2.2015തിയതിയിലെ1ാം തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് പ്രകാരം ആകെ വരവ് 222399760 രൂപയും ചെലവ് 222112559 രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിലും ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

**1-2 വാർഷിക ധനകാര്യപത്രിക.2015-16**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2015 | 28-07-2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.2015-16

അപാകതകൾ

*1.*നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

*2.*ഐഎവൈ വായ്പ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

*3.*ബി ഫണ്ട് വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.നിർമ്മൽ പുരസ്കാരത്തുക ബാലൻസ് ഷീററ് ഷെഡ്യൂൾ ബി4 പ്രകാരം നീക്കിയിരിപ്പ് 71759/-രൂപയും RP40b പ്രകാരം 240970/-രൂപയും ആണ്.

*5.*സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാലൻസ് ഇല്ല .എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി*14-*പ്രകാരം *4650/-*രൂ ബാലൻസ് ആയി കാണിച്ചിട്ടുണ്ട്.സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
6.വാടക ഡിസിബി തയ്യാറാക്കിയിട്ടില്ല.
7.അഡ്വാൻസ്,ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

8.ഐ എ വൈ വായ്പ നൽകുന്നതിനായി സഹകരണ ബാങ്കുകളിൽ ആരംഭിച്ച *5* അക്കൗണ്ടുകളുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം 2015-16

മുന്നിരിപ്പ് -22750470.00

വരവ് -55505484.00

ആകെ -78255954.00

ചെലവ് -63006924.00

നീക്കിയിരിപ്പ് -15249030.00

## 1-5 ഫണ്ട് വിനിയോഗം 2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP40b) | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 65504 | 11722756 | 11788260 | 11788260 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 22619 | 9146000 | 9168619 | 9168619 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 19000 | 19000 | 19000 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1327 | 1918396 | 1919723 | 1919723 | 0 | |

## 1-6പദ്ധതി അവലോകനം.2015-16

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 50 | 22482123 | 46 | 20973977 | 0 | 4 | 92 |

## 1-7 തനത് വരുമാനം.2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| മറ്റുവരവുകൾ | 589865 | 985732 | 395867 | 40% |
| ആകെ | 589865 | 985732 | 395867 | |

## 1-8 ആഭ്യന്തരനിയന്ത്രണം.

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3.അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
4.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-03-2017 | 2015-16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-02-2017 | 01-02-2015 മുതൽ 10-02-2017 | |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിനു കാറളം കമ്യൂണിറ്റി ഹാൾ,ഇ.എം.എസ് ഹാൾ ആനന്ദപുരം, കാന്റീൻ, വ്യവസായ പരിശീലന കേന്ദ്രം പുല്ലൂർ എന്നിവയിൽ നിന്നായി വാടകയിനത്തിൽ വരുമാനമുണ്ട്.ബ്ലോക്ക് പഞ്ചായത്ത് അധീനതയിൽ വാടക കെട്ടിടങ്ങൾ ഉണ്ടെങ്കിലും വാടക വസൂലാക്കുന്നതുമായി ബൈലോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.ബൈലോ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ബ്ലോക്ക് പഞ്ചായത്ത് പണികഴിപ്പിച്ചതും /കൈമാറിക്കിട്ടിയതുമായ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.

കാറളം കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ടിൽ ഇരിങ്ങാലക്കുട ബ്ലോക്കിന് 4 കെട്ടിടങ്ങൾ ഉണ്ട്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് പണി കഴിപ്പിച്ച ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടത്തിൽ 5 മുറികൾ ഉള്ളതിൽ 2 എണ്ണം മാത്രമാണ് വാടകക്ക് നൽകിയിരിക്കുന്നത്.പ്രസ്തുത കെട്ടിടം ജീർണ്ണാവസ്ഥയിലുമാണ്.ബ്ലോക്ക് പഞ്ചായത്ത് പണികഴിപ്പിച്ച വനിതാ പരിശീലന കേന്ദ്രവും ജില്ലാ പഞ്ചായത്ത് പണി കഴിപ്പിച്ച് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതുമായ രണ്ട് നിലകൾ ഉള്ള പട്ടികജാതി പരിശീലന കേന്ദ്രവും ഉപയോഗിക്കാതെ കിടക്കുന്ന അവസ്ഥയിലാണ്.വലിയ തുക ചെലവഴിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആർജ്ജിക്കുന്ന ആസ്തികൾ ഉപയോഗിക്കാതിരിക്കുന്നത് പൊതു പണത്തിന്റെ ദുർവ്യയമായി കണക്കാക്കുന്നതാണ്.മേൽ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിലേക്കും ജീർണ്ണാവസ്ഥ പരിഹരിക്കുന്നതിലേക്കും ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഇടപ്പാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

2013-14 ൽ ബ്ലോക്ക് പഞ്ചായത്ത് 5 സർവ്വീസ് ബാങ്കുകളിൽ നിന്നായി ഐ. എ. വൈ വായ്പ എടുത്തു.ലോൺ അനുവദിച്ച ഉത്തരവ് പ്രകാരം ആവശ്യമായ തുക പിൻവലിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്.എന്നാൽ ഓരോ ബാങ്കുകളിലും അക്കൗണ്ടുകൾ ആരംഭിച്ചുവെങ്കിലും തുക മൊത്തമായി പിൻവലിച്ച് എസ്.ബി.ഐ മാപ്രാണം ബ്രാഞ്ചിൽ ക്രെഡിറ്റ് ചെയ്യുകയാണ് ഉണ്ടായത് നിലവിൽ സഹകരണ ബാങ്കുകളിൽ ആരംഭിച്ച 5 അക്കൗണ്ടുകളിലും ട്രാൻസാക്ഷൻ ഇല്ല.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | ബാലൻസ് രൂ (31.3.2016 ൽ) |
|---|---|---|

| | | |
|---|---|---|
| 1 | കാറളം SCB A/c. No. 7500 | 371 |
| 2 | കാട്ടൂർ SCB .A/c.No.8770 | 114 |
| 3 | മുരിയാട് SCB A/c. No. 25133 | 120 |
| 4 | പറപ്പൂക്കര SCB A/c. No. 2970 | 1380 |
| 5 | നെല്ലായി SCB A/c. No. 15587 | 2366 |

ട്രാൻസാക്ഷൻ ഇല്ലാത്ത മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിൽ അസാധാരണ ചെലവ് ഉണ്ടെങ്കിലും രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

# 3-2 ആസ്തികളുടെ പരിപാലനം

ബ്ലോക്ക് പഞ്ചായത്തിനു 2 വാഹനങ്ങളാണ് ഉള്ളത്.

1.KL-45-G- 8520 സ്കോർപ്പിയോ

2.KL-45-J-4370 സ്വിഫ്റ്റ് ഡിസയർ

ഇവയുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മൈലേജ് ടെസ്റ്റ് നടത്തി ഫ്യുവൽ എഫിഷ്യൻസി രേഖപ്പെടുത്തിയതായി കാണുന്നില്ല.G.O(R.t)582/75/PW Dated 5.05.1975 അനുസരിച്ച് വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് ഓരോ വർഷവും നടത്തേണ്ടതും ഫ്യുവൽ എഫിഷ്യൻസി രേഖപ്പെടുത്തേണ്ടതുമാണ് . മൈലേജ് ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധനം ഉപയോഗിച്ചതിന്റെ കാര്യക്ഷമത പരിശോധിക്കുന്നത് സാധ്യമായിട്ടില്ല. മൈലേജ് ടെസ്റ്റ് ഓരോ വർഷവും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

# 3-3 ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി

പ്രൊജക്റ്റ് -S045/2014-15

തുക -364600

പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ബ്ലോക്കിന്റെ പരിധിയിലുള്ള 4 ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക കൈമാറി.

| ക്രമ നം | പഞ്ചായത്ത് | തുക | ചെക്ക് നം. | തിയ്യതി |
|---|---|---|---|---|
| 1 | മുരിയാട് | 50000 | 697078 | 21/11/14 |

| | | | | |
|---|---|---|---|---|
| 2 | പറപ്പൂക്കര | 112500 | 697079 | 21/11/14 |
| 3 | കാറളം | 109800 | 615352 | 17/03/15 |
| 4 | കാട്ടൂർ | 76000 | 615351 | 17/03/15 |
| | **ആകെ** | **348300/-** | | |

സംയുക്ത പ്രൊജക്ടുകൾക്കായി തുക കൈമാറുമ്പോൾ അനുബന്ധമായി സൂക്ഷിക്കേണ്ട രേഖകളുടെ അഭാവം ചുവടെ ചേർക്കുന്നു.

1. സംയുക്ത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും അനുബന്ധ പ്രൊജക്ടുകളുടെ പകർപ്പ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

2 പദ്ധതികളുടെ നടത്തിപ്പിനായി കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ള തുക ഡിസംബർ 31 ന് മുമ്പായി നല്കിയിട്ടില്ല.

3 ധനവിനിയോഗസാക്ഷ്യപത്രം സാമ്പത്തികവർഷം മാർച്ചിന് മുമ്പായി ലഭ്യമാക്കിയിട്ടില്ല.ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.(348300/-)

# 3-4 സാമൂഹ്യസുരക്ഷാമിഷന് പണം കൊടുക്കൽ

പ്രൊജക്ട് -S046/2014-15

തുക - 50000, ബിൽ നം.17/2014-15 തിയ്യതി. 28/02/2015

സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള 7/02/2015ലെ

എ3.3747/2014 കെ.എസ്.എസ്.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 50000/- രൂപ 04/04/2015 ൽ 611839 നമ്പർ ഡി ഡി മുഖേന ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഇതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1 28-02-2015 ന് തുക പിൻവലിച്ചു എങ്കിലും ഡിഡി എടുത്തത്. 04/04/2015 ന് മാത്രമാണ്.

2 08/06/2015 നാണ് ഡിഡി സാമൂഹ്യസുരക്ഷാമിഷൻ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളത്.

3 നല്കിയ തുകയ്ക്ക് രശീത് ലഭ്യമാക്കിയിട്ടില്ല.

മേൽ നടപടികളുടെ കാലതാമസം ഒഴിവാക്കേണ്ടതാണ്. രശീതി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.(50000/-രൂ)

## 3-5 പദ്ധതി ഏറ്റെടുക്കുമ്പോൾ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

1.*ദീർഘകാല രോഗികളുടേയും മാറാരോഗികളുടെയും പരിചരണം*

പ്രൊജക്ട് :S039/2014-15

തുക :400000 ബിൽ നം.17/2014-15 തിയ്യതി. 30/10/2014

**2.ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ**

പ്രൊജക്ട് : S046/2014-15

തുക :150000, ബിൽ നം.03/2014-15 തിയ്യതി. 30/10/2014

ബിൽ നം. :04/2014-15 തിയ്യതി. 30/02/2015

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും അടങ്കൽ തുക ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിരുന്നു.

ബ്ലോക്ക് പഞ്ചായത്തിനു പരിധിയിലുള്ള ഗ്രാമപഞ്ചായത്തിലെ ദീർഘകാല രോഗികളുടെയും , മാറാരോഗികളുടെയും പരിചരണത്തിനായും കാറളം,കാട്ടൂർ ,മുരിയാട്,പറപ്പൂക്കര എന്നീ പഞ്ചായത്തുകൾക്ക് 100000 രൂപ വീതവും (ആകെ 400000) ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങുന്ന പദ്ധതി നിർവ്വഹണത്തിനായി കാറളം,കാട്ടൂർ ,മുരിയാട് ഗ്രാമ പഞ്ചായത്തുകൾക്ക് 50000 രൂപ വീതവും കൈമാറിയിട്ടുണ്ട്. പദ്ധതി ഏറ്റെടുക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ ഇല്ല.

1. സംയുക്ത പ്രൊജക്ടിന്റെ ഭാഗമായി തുക കൈമാറുന്നതിനു മുമ്പായി തുക സ്വീകരിക്കുന്ന തദ്ദേശ ഭരണസ്ഥാപനത്തിന്റെ പ്രൊജക്ട് ഉണ്ടോ എന്നും, നൽകാൻ ഉദ്ദേശിക്കുന്ന പ്രകാരമുള്ള തുക പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ഉറപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും അനുബന്ധ പദ്ധതി രേഖയുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കുന്ന തുക ബന്ധപ്പെട്ട അക്കൗണ്ടുകളുൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി സാംഖ്യ രശീതി ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. കൈമാറുന്ന തുക ഡിസംബർ 31 നു മുമ്പെങ്കിലും കൈമാറിയിരിക്കണം. കൈപ്പറ്റിയ തുക അതാത് സാമ്പത്തിക വർഷത്തിന്റെ അവസാനമെങ്കിലും ചെലവഴിച്ചിരിക്കണം. 2014-15 സാമ്പത്തിക വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ കാര്യങ്ങൾ അറിയിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയിൽ, സംയുക്ത പ്രൊജക്ടിന്റെ ഭാഗമായി സംഖ്യ സ്വീകരിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രൊജക്ട് ,അനുബന്ധ രേഖകളുടെ പകർപ്പ് ,സാംഖ്യ രശീതി,ധനവിനിയോഗ സാക്ഷ്യപത്രം മുതലായവ ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് രേഖാമൂലം അറിയിപ്പ് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നാണ്.മേൽ രേഖകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(തടസ്സം-400000+150000=550000/-രൂ)

# 3-6 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പ്രൊജക്ട് S052/2014-15

തുക 20000

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി മാർഗ്ഗരേഖ ഉത്തരവ് നം.ജി.ഒ (എംഎസ്)362/2013 തി. 16.11.2013 പ്രകാരം ഉൾപ്പെടുത്താൻ പാടില്ലാത്ത പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഏറ്റെടുത്ത സാക്ഷരത തുടർവിദ്യാഭ്യാസ തുല്യത പഠിതാക്കളുടെ കലോത്സവം എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ട്രോഫികൾ | 4390 |
| 2 | സ്റ്റേഷനറി | 72 |
| 3 | നോട്ടീസ് | 600 |
| 4 | സർട്ടിഫിക്കറ്റ് | 1050 |
| 5 | ഫ്ലക്സ് തയ്യാറാക്കൽ | 480 |

| | | |
|---|---|---|
| 6 | റിഫ്രഷ് മെന്റ് | 11900 |
| 7 | ഫോട്ടോ | 500 |
| 8 | മൈക്ക് സെറ്റ് | 1008 |
| | ആകെ | 20000 |

പ്രത്യേക നിർദ്ദേശമോ ഉത്തരവോ ഇല്ലാതെ ഈ പദ്ധതി നടപ്പാക്കിയത് മാർഗ്ഗ രേഖ വിരുദ്ധമാണ്.ചെലവ് തുക തടസ്സപ്പെടുത്തുന്നു (20000/-)

# 3-7 അലോപ്പതി ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ-നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് : S038/2014-15
തുക : 200000, ബിൽ നം.1/2014-15 തിയ്യതി. 21-10-2014

പദ്ധതി നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടിൽ നിന്നും 200000/-രൂതുക ചെലവഴിച്ച് അലോപ്പതി മരുന്ന് വാങ്ങി വിതരണം ചെയ്തിരുന്ന. ആരോഗ്യ കേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഡി.എം.ഒ വിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷമേ പദ്ധതി നടപ്പാക്കാൻ പാടുള്ളൂ എന്നാണ് ജിഒ.(എംഎസ്) നം.362/2013 തിയ്യതി 16-11-2013 പദ്ധതി മാർഗ്ഗരേഖ ഉത്തരവിലെ നിർദ്ദേശം. എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് മരുന്ന് വാങ്ങിയിരിക്കുന്നത്.പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 ഐ.എ.വൈ. ഭവന നിർമ്മാണം -പണി പൂർത്തീകരിക്കാത്തവർ

2014-15 &2015-16 സാമ്പത്തിക വർഷങ്ങളിൽ ഏറ്റെടുത്തിട്ടുള്ളതും എഗ്രിമെന്റ് വെച്ച് പ്രസ്തുത വർഷങ്ങളിൽ തന്നെ ഭവന നിർമ്മാണത്തിനുള്ള ഏതാനും ഗഡുക്കൾ കൈപ്പററിയ ശേഷം നാളിതുവരെ പണി പൂർത്തീകരിക്കാത്ത ഐ എ വൈ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

**2014-15**

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിഭാഗം | ധനസഹായം | അനുവദിച്ച തുക | ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|---|
| 1 | ദമയന്തി<br><br>നെടുമ്പിള്ളി (H),കാറളം | എസ്.സി | 200000 | 141500 | കാറളം |
| 2 | ദുർഗ്ഗ ഷിനോജ്<br><br>എടക്കാട്ടിൽ (H),കാറളം | എസ്.സി | 200000 | 49500 | കാറളം |
| 3 | സിനി<br><br>w/o അജിത്കുമാർ | എസ്.സി | 200000 | 49500 | പറപ്പൂക്കര |

| | | | | | |
|---|---|---|---|---|---|
| | തൊഴിക്കാട്ട് (H),പറപ്പൂക്കര | | | | |

**2015-16**

| ക്രമ നമ്പർ | ഗുണഭോക്താവിന്റെപേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി.ദേവകിരാജൻ,വടക്കുംമുറി വീട്,കാട്ടൂർ | 189500 |
| 2 | ശ്രീമതി.ചിന്തസുഗതൻ,ചന്ദ്ര പുരക്കൽ,കാട്ടൂർ | 119500 |
| 3 | ശ്രീമതി.ശാന്ത,പോഴേലി പറമ്പിൽ,മുരിയാട് | 186500 |
| 4 | ശ്രീമതി.ഷീല ദാസൻ,നെടുംപിള്ളി,കാട്ടൂർ | 17500 |
| 5 | ശ്രീമതി.ബിന്ദു സൈലേഷ്,കൈപ്പിള്ളി,പറപ്പൂക്കര | 49500 |
| 6 | ശ്രീമതി.ഷീജ ജാനകി,പുതുപ്പള്ളി,പറപ്പൂക്കര | 17500 |
| 7 | ശ്രീമതി.ഷീബ ഗണേഷ്,ചെരിങ്ങാനത്ത്,പറപ്പൂക്കര | 17500 |
| 8 | ശ്രീമതി.ഉഷ കെ.വി,മലയാറ്റിൽ,രാപ്പാൾ,പറപ്പൂക്കര | 159500 |

മേൽ ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ബയോഗ്യാസ് യൂണിറ്റ് പ്രവർത്തന യോഗ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : S056/2014-15

തുക : 50000, ചെലവ്-43815/-

2014-15 വാർഷിക പദ്ധതിയിൽ വനിത കാന്റീനിലേയ്ക്ക് ബയോഗ്യാസ് യൂണിറ്റ് നിർമ്മിച്ച് നല്കിയിട്ടുണ്ട്. 29/09/2014 പൂർത്തീകരണ സാക്ഷ്യപത്രം നല്കിയിട്ടുള്ളതുമാണ്. ഓഡിറ്റ് വേളയിൽ ബയോഗ്യാസ് യൂണിറ്റ് പ്രവർത്തിക്കുന്ന അവസ്ഥയിലല്ല എന്നറിയിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ബ്ലോക്ക് പഞ്ചായത്ത് മറുപടി നല്കിയിരുന്നു. ബയോഗ്യാസ് യൂണിറ്റ് ഉപയോഗിച്ചിരുന്ന വനിതാ കാന്റീൻ 15-01-2017 മുതൽ 05-03-2017 വരെ പ്രവർത്തിച്ചിരുന്നില്ല. ആയതിനാലാണ് യൂണിറ്റ് പ്രവർത്തന രഹിതമായത്. 6-3-2017മുതൽ വനിതാ കാന്റീൻ പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. ബയോഗ്യാസ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കും എന്നാണ് മറുപടി നല്കിയിരിക്കുന്നത്.ബയോഗ്യാസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 നോഡൽ പ്രേരകിന് ബ്ളോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ഓണറേറിയം നൽകിയത് -സാക്ഷരതാ മിഷനിൽ നിന്ന് ലഭിക്കുവാനുള്ള തുക -170920/-രൂ.

ഇരിങ്ങാലക്കുട ബ്ലോക്ക് പരിധിയിൽ 2 വികസന വിദ്യാകേന്ദ്രങ്ങൾ ഉണ്ട്.പ്രസ്തുത കേന്ദ്രങ്ങളിൽ നോഡൽ പ്രേരകുമാരായി പ്രവർത്തിക്കുന്നവർക്ക് 2013-14 മുതൽ 12/2016 വരെ ഓണറേറിയം ഇനത്തിൽ 170920/-രൂ ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ലഭ്യമാകേണ്ടതാണ്. സെക്രട്ടറി 16.3.17 ലെ ഡി.739/17 നമ്പർ കത്ത് പ്രകാരം ജില്ലാ കോ ഓർഡിനേറ്റർ , സാക്ഷരതാ മിഷൻ തൃശ്ശൂരിന് പ്രസ്തുത തുക ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. മേൽ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-11 തനത് ഫണ്ടിൽ നിന്ന് ശുചിത്വ മിഷൻ ഫണ്ടിലേക്ക് മാറ്റിയിട്ട തുക റീകൂപ്പ് ചെയ്തിട്ടില്ല.

29/9/14 ൽ ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ 6,48,600/-രൂ തനത് ഫണ്ടിൽ നിന്ന് ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൌണ്ട് നമ്പർ 9515 ൽ നിന്ന് ശുചിത്വ മിഷൻ ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.ശുചിത്വ മിഷനിൽ നിന്നും 1.12.14 ന് 6,46,300/-രൂ ലഭിച്ചുവെങ്കിലും നാളിതുവരെ തനത് ഫണ്ടിൽ നിന്നും മാറ്റിയിട്ട തുക തിരികെ നൽകിയിട്ടില്ല.പ്രസ്തുത തുക എത്രയും വേഗം തനത് ഫണ്ടിലേക്ക് റീ കൂപ്പ് ചെയ്യേണ്ടതാണ്.

## 3-12 നിർമ്മൽ പുരസ്കാര തുക -ചെലവഴിക്കാതെ അവശേഷിക്കുന്ന തുക -218550.50/രൂ ഉപയോഗപ്പെടുത്തേണ്ടതാണ്.

നിർമ്മൽ പുരസ്കാര തുക സൂക്ഷിച്ചിരുന്ന ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 10124 ക്ലോസ്സ് ചെയ്ത് ബാലൻസ് തുക 218550.50/-രൂ ശുചിത്വ മിഷൻ ഫണ്ട് സൂക്ഷിക്കുന്ന ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 9515 ലേക്ക് മാറ്റിയിട്ടുണ്ട്.(ചെക്ക് നമ്പർ-011114/4.8.16).പ്രസ്തുത തുക നിർമ്മൽ പുരസ്കാര തുക വിനിയോഗ മാനദണ്ഡങ്ങൾ പ്രകാരം ഉപയോഗപ്പെടുത്തേണ്ടതാണ്.

## 3-13 ശുചിത്വ മിഷൻ ഫണ്ട് പ്രത്യേക കണക്ക് സൂക്ഷിക്കുന്നില്ല.

ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 9515 ലാണ് ശുചിത്വ മിഷൻ ഫണ്ട് സൂക്ഷിക്കുന്നത്. മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളും ഈ അക്കൗണ്ടിൽ തന്നെയാണ് സൂക്ഷിക്കുന്നത് എന്നതിനാൽ 2014-15&2015-16 വർഷങ്ങളിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം ശുചിത്വ മിഷൻ ബാലൻസ് ആയി സൂക്ഷിച്ചിരിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ടി.എസ്.സിയുടെ കണക്ക് പ്രത്യേകമായി സൂക്ഷിച്ച് ബാലൻസ് ഷീറ്റിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

## 3-14 നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാത്തത്

ഇരിങ്ങാലക്കുട ബ്ലോക്ക് വ്യവസായ മേഖലയിൽ 2014-15&2015-16 വർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.പ്രസ്തുത മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രത്യേകം നിർവ്വഹണ ഉദ്യോഗസ്ഥനെ(ഇൻഡസ്ട്രിയൽ എക്സ്റ്റഷൻ ഓഫീസർ) ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടും പദ്ധതികൾ ഏറ്റെടുക്കാതിരുന്നത് ശരിയായ നടപടിയല്ല. ബ്ളോക്ക് ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-15 ഒന്നിലധികം പ്രവൃത്തികൾ ചേർത്ത് ഒരു പ്രൊജക്ടായി ഏറ്റെടുത്തത് പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം.

12ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ (എംഎസ് )നം.362/2013/തസ്വഭവ . തീയതി.16.11.2013 ഖണ്ഡിക XV(C)പ്രകാരം അടങ്കൽ തുകയുടെ പരിധി പാലിക്കുവാൻ ഒന്നിലധികം റോഡ് നിർമ്മാണ പ്രവൃത്തികൾ കൂട്ടി ചേർത്ത് ഒറ്റ പ്രൊജക്റ്റ് ആക്കരുത്. ഇതിനു വിരുദ്ധമായി 2014-15&2015-16 വർഷങ്ങളിൽ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പദ്ധതി യുടെ പേര് | ചെലവ് തുക |
|---|---|---|
| 23/15 | ആനുരുളി പി.പി ദേവസ്സി 4 സെന്റ് റോഡ് &കണ്ണംപിള്ളി ചിറ റോഡ് | 500000/- |

| | | |
|---|---|---|
| 24/15 | പന്തല്ലൂർ പള്ളം സ്കൂൾ റോഡ്&ഹരിശ്രീ ലക്ഷം വീട് റോഡ് | 500000/- |
| 5/15 | തിയ്യത്തുപറമ്പിൽ അമ്പല നട റോഡ്&കാക്കരശ്ശേരി റോഡ് | 400000/- |

## 3-16 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172(1) ഉപ വകുപ്പ് പട്ടിക 4 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത എസ്.സി കോളനി കാന നിർമ്മാണം,എസ്.സി കോളനി വികസന പ്രവർത്തനങ്ങൾ എന്നിവ 2014-15 സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പദ്ധതി യുടെ പേര് | ചെലവ് തുക |
|---|---|---|
| 14/15 | തൃത്താണിപ്പാടം കോളനി കാന നിർമ്മാണം | 400000 |
| 15/15 | മധുരം പിള്ളി കോളനി വികസന പ്രവർത്തനങ്ങൾ | 500000 |

ഒന്നിലധികം പഞ്ചായത്തുകൾക്കായുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഒന്നിലധികം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡ് പ്രവൃത്തികളുമാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ടത്.എന്നാൽ പ്രസ്തുത നിയമവും പാലിച്ചിട്ടില്ല.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-17 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല.

12ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ (എംഎസ് )നം.362/2013/തസ്വഭവ. തീയതി.16.11.2013 ഖണ്ഡിക 7.15 പ്രകാരം ജലസേചന പദ്ധതികളുടെ അടങ്കൽ തുകയുടെ 10% തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതും നിർവ്വഹണത്തിനു മുൻപായി അത്രയും തുക തദ്ദേശ ഭരണ സ്ഥാപനത്തിൽ പണമായി അടവാക്കേണ്ടതുമാണ്.കൃഷി ഓഫീസറിൽ നിന്ന് ഗുണഭോക്തൃ പ്രദേശം നിർണ്ണയിക്കുന്നതിന് ആയക്കെട്ട് സർട്ടിഫിക്കറ്റും വാങ്ങേണ്ടതാണ്.എന്നാൽ 2014-15 ൽ അസി എക്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം മുൻകൂർ ഈടാക്കിയതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 10/10.04.17).കൂടാതെ ഗുണഭോക്തൃ വിഹിതം നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസറിൽ നിന്ന് ആയക്കെട്ട് സർട്ടിഫിക്കറ്റും വാങ്ങിയിട്ടില്ല. നടപ്പിലാക്കിയ പദ്ധതികളുടെ ഫൈനൽ ബില്ലിൽ നിന്ന് 10% ഗുണഭോക്തൃ വിഹിതം കുറവ് ചെയ്തിട്ടുണ്ട്.വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | കുറവ് ചെയ്ത ഗുണഭോക്തൃ വിഹിതം |
|---|---|---|
| 73/15 | മണപ്പറമ്പൻ കോൾ പടവ് മോട്ടോർ ഷെഡ് | 22963 |
| 29/15 | നെടുമ്പാൾതെക്കുംമുറി ലിഫ്റ്റ് ഇറിഗേഷൻ | 111083 |
| 62/15 | കാട്ടൂർ ലിഫ്റ്റ് ഇറിഗേഷൻ എക്സ്റ്റൻഷൻ വർക്ക് | 33333 |
| | ആകെ | 167379/ |

കുറവ് ചെയ്ത തുക പിന്നീട് കരാറുകാരന്റെ അപേക്ഷ പ്രകാരം തിരിച്ചു നൽകിയിട്ടുണ്ട്.പദ്ധതി മാർഗ്ഗരേഖക്കു വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്.ഗുണഭോക്തൃ വിഹിതം മുൻകൂർ ഈടാക്കിയതിന്റെ വിശദാംശം ഹാജരാക്കേണ്ടാതാണ്.ആയതു വരെ ചെലവ് തുക 167379/- രൂ തടസ്സപ്പെടുത്തുന്നു.

## 3-18 നെടുമ്പാൾ തെക്കുമുറി ലിഫ്റ്റ് ഇറിഗേഷൻ-കമ്മീഷൻ ചെയ്തിട്ടില്ല.

പദ്ധതി നമ്പർ -29/15

അടങ്കൽ -പ്ലാൻഫണ്ട്-1000000/-

ഗുണഭോക്തൃ വിഹിതം -1,11,111/-

പറപ്പൂക്കര ഗ്രാമ പഞ്ചായത്തിലെ നെടുമ്പാൾ തെക്കുമുറി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനായി മോട്ടോർഷെഡ്, പൈപ്പ് ഇടൽ എന്നിവക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്.ഫണ്ടിന്റെ അപര്യാപ്തത മൂലം 50 HP മോട്ടോർ സ്ഥാപിക്കൽ ,ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവ തൻവർഷം ഉൾപ്പെടുത്തിയിരുന്നില്ല. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ മേൽ പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കുന്നതോടുകൂടി ഈ പദ്ധതി പ്രാവർത്തികമാക്കുന്നതാണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു.എന്നാൽ തുടർ വർഷങ്ങളിൽ (2015-16&2016-17)മേൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

12ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം(ജി.ഒ.(എംഎസ്)നം.362/13/16.11.2013) ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് ഒരു നിർമ്മാണ പ്രവൃത്തി ഒന്നിലധികം വർഷം കൊണ്ട് മാത്രമേ നിർവ്വഹണം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളുവെങ്കിൽ ബഹുവർഷ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയോടൊപ്പം വിവിധ വർഷങ്ങളായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം .അവയ്ക്കുള്ള സാങ്കേതിക അനുമതിയും ആദ്യ വർഷം തന്നെ വാങ്ങണം . കൂടാതെ എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ ഘട്ടങ്ങളും ഓരോ വർഷവും ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളും പ്രത്യേകം കാണിക്കേണ്ടതാണ്.എന്നാൽ ഈ നടപടി ക്രമങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല.ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ തുടർ പ്രവത്തികൾ ഒന്നും തന്നെ നടത്തിയിട്ടില്ല എന്ന് കണ്ടു.കൂടാതെ

പദ്ധതിയുടെ പൂർത്തീകരണത്തിന് പൈപ്പ് ലൈൻ എക്സ്റ്റൻഷനും ആവശ്യമാണെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.പദ്ധതി മാർഗ്ഗരേഖ ഉത്തരവിൽ അനുശാസിക്കുന്ന പ്രകാരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.മേൽ പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-19 ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം -അപാകങ്ങൾ

പദ്ധതി നമ്പർ -0042/15

അടങ്കൽ -160000 /-പ്ലാൻ ഫണ്ട്

13925/-നിർമ്മൽ പുരസ്കാരം

കരാറുകാരൻ - സി.എ.ബെന്നി

ഡിഡി നമ്പർ -611949/4.4.15-149620

-028644/9.4.15-13002

എം ബുക്ക് നമ്പർ -21/14-15

സാങ്കേതികാനുമതി -261/14-15/AEE/LSGD/IJK/10.12.14

19325 /-രൂ യൂണിറ്റ് കോസ്റ്റിൽ 2 ബേബി ഫ്രണ്ട്ലി ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനാണ് പദ്ധതി

തയ്യാറാക്കിയിരുന്നത്.പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 86963/-രൂ യൂണിറ്റ് കോസ്റ്റിൽ 2 ടോയ്‌ലറ്റുകൾക്ക് പദ്ധതി അംഗീകാരം വാങ്ങി.

ഫൈനൽ ബിൽ,എം ബുക്ക് എന്നിവ പരിശോധിച്ചതിൽ കാറളം പഞ്ചായത്തിൽ അംഗൻവാടി നമ്പർ 50ൽ പുതിയ ടോയ്‌ലറ്റും (138620/-രൂ ചെലവ്)പറപ്പൂക്കര പഞ്ചായത്തിൽ അംഗൻവാടി നമ്പർ 116ൽ നിലവിലുള്ള ടോയ്‌ലറ്റിന് അറ്റകുറ്റപ്പണിയുമാണ് (ചെലവ് 34381/-രൂ) നടത്തിയിരിക്കുന്നത്.

കാറളം പഞ്ചായത്തിൽ അംഗൻവാടി നമ്പർ 50 ൽ നടത്തിയ ഭൗതിക പരിശോധനയിൽ ടോയ്‌ലറ്റിൽ യൂറോപ്യൻ ക്ലോസറ്റ് ആണ് സ്ഥാപിച്ചിരിക്കുന്നത്.ശിശു സൗഹൃദമല്ലാത്ത മാതൃകയിൽ പണിത പ്രസ്തുത ടോയ്‌ലറ്റ് കുട്ടികൾക്ക് ഉപയോഗപ്രദമല്ല എന്ന് കാണുന്നു.ടോയ്‌ലറ്റിന് വേസ്റ്റ് ട്രാപ്പ് സ്ഥാപിച്ചിട്ടില്ല. ടോയ്‌ലറ്റ് വൃത്തിയാക്കുന്നതിന് വെള്ളം ഒഴിക്കുന്നത് ശരിയായി ഒഴുകി പോവാത്തതായി അംഗൻവാടി വർക്കർ അറിയിക്കുകയുണ്ടായി.

പറപ്പൂക്കര അംഗൻവാടിയിൽ നിലവിലെ ടോയ്‌ലറ്റിൽ ഷീറ്റിടൽ,ടൈൽ വിരിക്കൽ,ഡോർ ഫിറ്റിങ്ങ് , യൂറോപ്യൻ ക്ലോസറ്റ് സ്ഥാപിക്കൽ എന്നിവയാണ് നടത്തിയിരിക്കുന്നത്. പ്രസ്തുത ടോയ്‌ലറ്റും ഉപയോഗിക്കുവാൻ കുട്ടികൾക്ക് ബുദ്ധിമുട്ടായതിനാൽ അടുത്ത വീട്ടിലെ ടോയ്‌ലറ്റാണ് ഉപയോഗപ്പെടുത്തുന്നത് എന്ന് അംഗൻവാടി വർക്കർ അറിയിച്ചു.ഇത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തിയിരുന്നതായും ക്ലോസറ്റ് ഇൻഡ്യൻ ടൈപ്പ് ആക്കുകയാണെങ്കിൽ കുട്ടികൾക്ക് ഉപയോഗ പ്രദമായിരിക്കും എന്നും അറിയിച്ചു.

രണ്ട് അംഗൻവാടികളിലും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സീറ്റ് സ്ഥാപിക്കുന്നതിന് 150/-രൂ വീതം ബില്ലിൽ നൽകിയിട്ടുണ്ട്.

പദ്ധതികൾ തയ്യാറാക്കുമ്പോൾ അവ ഗുണഭോക്താക്കളുടെ ആവശ്യകത മനസ്സിലാക്കി തയ്യാറാക്കുന്നതിലൂടെ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും ഉദ്ദേശിച്ച ഫലം ഗുണഭോക്താക്കൾക്ക് നൽകുന്നതിനും സാധിക്കും .ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-20 റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2014-15-ൽ ഏറ്റെടുത്ത പല റോഡുനിർമാണ പ്രവൃത്തികളും ഭാഗികമായി ചെയ്ത് അവസാനിപ്പിച്ചതായി കാണുന്നു. ഐ.ആർ.സി സ്പെസിഫിക്കേഷനനുസരിച്ച് സോളിംഗ് നടത്തിയശേഷം സെക്ഷനിംഗ് വേണ്ടി ഒരു വർഷം വരെയുള്ള കാലയളവ് അനുവദനീയമാണെങ്കിലും റോഡ് ഗതാഗതത്തിന് തുറന്ന് കൊടുക്കാതെയാണ് അതുവരെ സൂക്ഷിക്കേണ്ടത്. മെറ്റലിങ്ങിന് ശേഷം ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്ക്കരമാവുകയും പിന്നീട് ടാറിംഗ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ഇത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. 2014-15 ൽ ഏറ്റെടുത്ത പല റോഡ് നിർമ്മാണ പ്രവൃത്തികളും ഭാഗികമായാണ് ഏറ്റെടുത്തിരിക്കുന്നത് .എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഫണ്ടിന്റെ അപര്യാപ്തത ആണ് കാരണമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എന്നാൽ 2014-15 ൽ ഭാഗികമായി അവസാനിപ്പിച്ച പദ്ധതികളിൽ തുടർ പ്രവർത്തനങ്ങൾക്കായി 2015-16&2016-17 വർഷങ്ങളിൽ ആകെ ഒരു പ്രൊജക്ട് മാത്രമാണ് ഏറ്റെടുത്തിരിക്കുന്നത്. ഒരേ റോഡിന്റെ പല റീച്ച് ആയും പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഫലത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർണ്ണമായ ഫലം ജനങ്ങൾക്ക് ലഭിക്കാതെ പോവുന്ന അവസ്ഥയാണ് നിലവിൽ ഉള്ളത്. ഉദാഹരണം താഴെ ചേർക്കുന്നു.

പദ്ധതി നമ്പർ 24/15 ആയി ഏറ്റെടുത്ത പന്തല്ലൂർ പള്ളം റോഡിന്റെ 105 മീ മെറ്റലിങ്ങ് &ടാറിങ്ങും 52 മീ സോളിങ്ങ്,മെറ്റലിങ്ങ് &ടാറിങ്ങും ചെയ്യുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പ്രസ്തുത റോഡിന്റെ 300മീറ്റർ ടാർ റോഡാണ്. 30മീറ്റർ സോളിങ്ങ് ചെയ്തതാണ് .112മീറ്റർ മെറ്റൽ ചെയ്തിട്ടുള്ളതും ആണ്.ഇത്തരത്തിലാണ് 2014-15 ൽ പണികൾ നടന്നിട്ടുള്ള ഭൂരിഭാഗം റോഡുകളുടേയും അവസ്ഥ.ഫണ്ട് വീതം വെക്കുന്നതിനായി ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് പദ്ധതി പണത്തിന്റെ അമിത വ്യയത്തിന് ഇടയാക്കും എന്നതിനാൽ മരാമത്തുപ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന് പകരം, പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി, ഫണ്ട് വകയിരുത്തി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-21 ഐ.എ.വൈ ഭവന നിർമ്മാണം സ്റ്റേറ്റ് ഷെയർ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ കരാർ വച്ച് ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് സ്റ്റേറ്റ് ഷെയർ വിഹിതമായി 50000/-രൂ വീതം നൽകേണ്ടതായിരുന്നു.എന്നാൽ 40 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചുവെങ്കിലും സ്റ്റേറ്റ് ഷെയർ ലഭ്യമാകാത്തതിനാൽ വിഹിതം നൽകാനായിട്ടില്ല.ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഗുണഭോക്താക്കൾക്ക് അർഹമായ വിഹിതം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 ബാലസഭ നടത്തിപ്പ്-അപാകതകൾ

2015-16 സാമ്പത്തികവർഷത്തിൽ ബാലസഭ എന്ന പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ട്രഷറി ബിൽ നം.1/15-16 തീ.19.09.2016 പ്രകാരം 75,000 രൂപ പിൻവലിക്കുകയും താഴെകൊടുത്ത രീതിയിൽ വിവിധ പഞ്ചായത്തുകൾക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്;

| പഞ്ചായത്തിന്റെ പേര് | തുക | രശീതി നം. | ഡിഡി നം. |
|---|---|---|---|
| കാട്ടൂർ | 25,000 | ലഭ്യമല്ല | 712037/19.9.15 |
| മുരിയാട് | 50,000 | 11505400003/9.10.15 | 712038/19.9.15 |

പ്രൊജക്റ്റ് നടത്തിപ്പുമായിബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു;

1.പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ{സ.ഉ.(എം.എസ്.)നം.362/2013/തസ്വഭവ തിയ്യതി 16.11.2013} ഖണ്ഡിക 11.13(viii)(ബി) പ്രകാരം സംയുക്തപ്രൊജക്റ്റുകളായി ഏറ്റെടുക്കാവുന്ന വിവിധ പ്രൊജക്റ്റുകൾ നൽകിയതിൽ *'ബാലസഭ'* ഉൾപ്പെടുന്നില്ല. ബാലസഭ സംയുക്ത പ്രൊജക്റ്റായി നടത്തുന്നതിന് അനുവദിക്കുന്ന സർക്കാർ ഉത്തരവുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

2.സ.ഉ.(സാധാ)നം.1363/2015/തസ്വഭവ തിയ്യതി 06.05.2015 പ്രകാരം കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ

ശക്തിപ്പെടുത്തുന്നതിനായി 35,000-രൂപ വരെ ഫണ്ട് അനുവദിക്കാൻ യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. എന്നാൽ മുരിയാട് ഗ്രാമപഞ്ചായത്തിന് 50,000-രൂപ ഈയിനത്തിൽ നൽകിയിരിക്കുന്നു.

3.കാട്ടൂർ ഗ്രാമപഞ്ചായത്തിൽനിന്നും സാംഖ്യ രശീതി ലഭിച്ചിട്ടില്ല.

4.കാട്ടൂർ, മുരിയാട് ഗ്രാമപഞ്ചായത്തുകളിൽനിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 75,000- രൂപ തടസ്സത്തിൽവെക്കുന്നു.

## 3-23 പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ധനസഹായം-നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| ട്രഷറി ബിൽ നം.18/15-16 തീ.20.01.16 | 1,75,000 രൂപ |
| ട്രഷറി ബിൽ നം.19/15-16 തീ.18.03.16 | 4,91,500 രൂപ |
| TSB Cheque No.5601071/16.03.16 | 8,500 രൂപ |
| | 6,75,000 രൂപ |
| | ========== |

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം (S0 109/16) എന്ന പദ്ധതിപ്രകാരം 2015-16 സാമ്പത്തികവർഷത്തിൽ 6,75,000- രൂപ ചെലവുവന്നിട്ടുണ്ട്. 27 ഗുണഭോക്താക്കൾക്ക് 25,000- രൂപ വീതമാണ് ധനസഹായം നൽകിയിരിക്കുന്നത്. ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 22.09.2015-ലെ 1-ാം നമ്പർ തീരുമാനപ്രകാരം പ്രൊജക്റ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

<u>പദ്ധതിയുടെ മുൻഗണനാ മാനദണ്ഡങ്ങൾ താഴെപറയുന്നവയാണ്.</u>

1.ഒന്നാം വർഷ വിദ്യാർത്ഥികളായിരിക്കണം

2.പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം.

3.ആവശ്യമായ രേഖകൾ ഹാജരാക്കണം.

4.പട്ടികജാതി വിദ്യാർത്ഥികളായിരിക്കണം.

5.കുടുംബവാർഷിക വരുമാനം 50,000-രൂപയിൽ താഴെയുള്ളവർക്ക് മുൻഗണന.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽനിന്നും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

അ)**<u>ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഗ്രാമസഭയിലൂടെയല്ല.</u>**

ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിൽനിന്നും ലഭിച്ച ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല. മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 01.12.15-ലെ 1(5)നം. തീരുമാനപ്രകാരം മേൽ പദ്ധതിക്കായി ലഭിച്ച അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ സഭയുടെ സാധൂകരണം അടുത്ത ഗ്രാമസഭായോഗത്തിൽ തേടുന്നതിനാണ് തീരുമാനിച്ചത്. പട്ടികജാതി വികസന ഓഫീസറുടെ 23.02.15-ലെ SCD-95/15 നം.കത്ത് പ്രകാരം ശരണ്യ എം.എ., മേക്ക്യാട്ട് വീട്, ചെമ്മണ്ട, കാറളം എന്ന അപേക്ഷകക്ക് ഗ്രാമസഭയുടെയും, ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെയും അംഗീകാരം നൽകണമെന്ന് കാറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് അപേക്ഷിച്ചിട്ടുണ്ട്. കാറളം ഗ്രാമ പഞ്ചായത്തിന്റെ 25.02.16-ലെ 2(2) തീരുമാനപ്രകാരം മേൽ ഗുണഭോക്താവിനെ അംഗീകരിക്കുന്നതിനും

പ്രസ്തുത ലിസ്റ്റിന് അടുത്ത ഗ്രാമസഭയുടെ സാധൂകരണം വാങ്ങുന്നതിനും തീരുമാനിച്ചു. സമാനരീതിയിലുള്ള തീരുമാനങ്ങൾ തന്നെയാണ് പറപ്പൂക്കര ഗ്രാമപഞ്ചായത്തും എടുത്തിരിക്കുന്നത്.

മേൽ തീരുമാനങ്ങളെല്ലാം ഗുണഭോക്തൃ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജി.ഒ.(പി) നം.220/97/ത.ഭ.വ. തീ.02.10.97, ജി.ഒ.(പി)നം.181/98/തസ്വഭവ തിയ്യതി 02.09.98 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നൽകിയിട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾക്കെതിരാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സംഗതിയിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമസഭ വിളിച്ചു കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ അവർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്.അതാത് ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തുകയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ബ്ലോക്ക് പഞ്ചായത്തിന് നൽകുകയും ചെയ്യണം.

എന്നാൽ ഇത്തരത്തിലല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്ന് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽനിന്നും കാണുന്നു. സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് നിയമപരമായ ഒരു ആവശ്യം കൂടിയാണ്. ഒരു പ്രത്യേക അപേക്ഷകയുടെ അപേക്ഷ, ഗ്രാമസഭയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും അംഗീകരിക്കണമെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടത് സുതാര്യമായ ഗുണഭോക്തൃ തെരഞ്ഞടുപ്പിന് വിഘാതമായിതീരാൻ സാധ്യതയുണ്ട്. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (അനുബന്ധം 16) ഖണ്ഡിക 7.18 അനുസരിച്ചുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നതായി കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## ആ) മുൻഗണനാ മാനദണ്ഡങ്ങളുടെ പിൻതുടരൽ-വിവേകപൂർണ്ണമായ നടപടികൾ ക്ഷണിക്കുന്നു.

പദ്ധതിയുടെ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം കുടുംബവാർഷിക വരുമാനം 50,000 രൂപയിൽ താഴെയുള്ളവർക്കാണ് മുൻഗണന. എന്നാൽ പദ്ധതിയുടെ ഗുണഭോക്താവായ നിമിഷ രണദിവെ, നാരാട്ടിൽ വീട്, പുല്ലൂർ ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വാർഷിക വരുമാനം 5,55,060 രൂപയാണ്. പട്ടിക ജാതിയിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും സഹായം നൽകുക എന്നതിനുപകരമായി

ആവശ്യക്കാർക്കായി പരിമിതപ്പെടുത്തുന്നതിലൂടെ കൂടുതൽ അർഹരായ ഗുണഭോക്താക്കൾക്ക് സഹായം നൽകാൻ സാധിക്കും.

ഇ) **<u>പ്രൊഫഷണൽ കോഴ്സ്-മാനദണ്ഡങ്ങളുടെ അപര്യാപ്തത</u>**

പദ്ധതിയുടെ മുൻഗണനാമാനദണ്ഡമനുസരിച്ച് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. ഫയൽ പരിശോധിച്ചതിൽനിന്നും പ്രൊഫഷണൽ എന്ന് സാധാരണയായി വിവക്ഷിക്കാത്ത M.Phil (Geology), M.Phil(Sanskrit Sahitya) തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ധനസഹായം നൽകിയിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സിലെ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമല്ല.

# 3-24 ദീർഘകാലരോഗികളുടെയും മാറാരോഗികളുടെയും പരിചരണത്തിനുള്ള ഹോംകെയർ സംവിധാനം-നടത്തിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,ആനന്ദപുരം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും പരിചരണത്തിനുള്ള ഹോംകെയർ സംവിധാനം.(SO. 064/16)എന്ന പദ്ധതിയിൽ 4 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്(ട്രഷറി ബിൽ നം.01/2015-16 തിയ്യതി 14.01.16). ഫയൽ പരിശോധിച്ചതിൽനിന്നും കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.പ്രൊജക്റ്റ് പ്രകാരം ഇരിഞ്ഞാലക്കുട ബ്ലോക്കിനുകീഴിലുള്ള നാല് പഞ്ചായത്തുകൾക്കും തുക കൈമാറിയതായി കാണുന്നുണ്ടെങ്കിലും പറപ്പൂക്കര, കാറളം പഞ്ചായത്തുകളുടെ സാംഖ്യ രശീതി ലഭിച്ചുകാണുന്നില്ല.

2.വിനിയോഗസാക്ഷ്യപത്രം ഒരു പഞ്ചായത്തിന്റെയും ലഭിച്ചുകാണുന്നില്ല.

3.ആശുപത്രി സൂപ്രണ്ടിന്റെ 18.01.16-ലെ 428 B/2015 നം. കത്തുപ്രകാരം statement of expenditure, copy of vouchers എന്നിവ ലഭ്യമാക്കണമെന്ന് പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭിച്ചുകാണുന്നില്ല.ഈ സാഹചര്യത്തിൽ ചെലവ് തുക 4 ലക്ഷം രൂപ തടസ്സത്തിൽ വെക്കുന്നു.

# 3-25 ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്ത റോഡ് പ്രവൃത്തികൾ - അടിയന്തിരശ്രദ്ധക്ഷണിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകളും, നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളും വിശദമായി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുകയും സർക്കാരിൽനിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുകയെന്നതാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ അധികാരവും ചുമതലയും. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.4(2)-ൽ ഒരു തദ്ദേശഭരണസ്ഥാപനത്തിൽ നിക്ഷിപ്തമായതും കൂടാതെ സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിനുമായിരിക്കണം പ്രൊജക്റ്റുകൾ തയ്യാറാക്കേണ്ടതെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. നിയമപ്രകാരം തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും തദ്ദേശഭരണസ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് ഖണ്ഡിക 4(7)-ൽ പറയുന്നു. പ്രാബല്ല്യത്തിലുള്ള എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി പ്രൊജക്റ്റ് തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥന്റെയാണെന്ന് വളരെ കൃത്യമായി മാർഗ്ഗരേഖയിൽ[ഖണ്ഡിക11.13(iv)(ബി)]പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ, പ്രാബല്ല്യത്തിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 16-ാം നം. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ

മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്ത റോഡ് പ്രവൃത്തികളും ചെയ്തതായി കാണുന്നു. ഉദാഹരണം 1) ജൂബിലി നഗർ റോഡ് 2) മുളങ്ങ് മാടപ്പുറം റോഡ്

ഈ സാഹചര്യത്തിൽ പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്നതരത്തിലുള്ളതും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായുള്ളതുമായ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-26 തെറ്റായ സ്പെസിഫിക്കേഷനിൽ കോൺക്രീറ്റിങ്ങ് നടത്തി-13,323 രൂപ നഷ്ടം

GO(Ms.)No.74/2014/LSGDതീ.07.05.14-ലെ സർക്കാർ നിർദ്ദേശ പ്രകാരം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത് DARൽ റോഡ് പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന 16 ാം അദ്ധ്യായത്തിലെ ഇനം 16.42 ആണ്. ഇതനുസരിച്ച് ചെയ്യേണ്ട പ്രവൃത്തി ചുവടെ ചേർക്കുന്നു;

Cement concrete 1:2:4 (1 cement, 2 coarse sand, 4 graded aggregate 40 mm nominal stone) in pavements,laid to required slope and camber in panels as required including consolidation, finishing and tamping complete...

എന്നാൽ *'എസ്.സി.സങ്കേതം റോഡ്, കാട്ടൂർ'* എന്ന പ്രവൃത്തിയിൽ ഈ സ്പെസിഫിക്കേഷൻ 7.5 cm-ൽ ചെയ്തത് കൂടാതെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് DAR Sub Head 4-ലെ 4.1.8എന്ന ഇനം 10 cm കനത്തിൽ ഉപയോഗിച്ചിരിക്കുന്നു.

നിലവിലുണ്ടായിരുന്ന സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിശ്ചിത സ്പെസിഫിക്കേഷൻ(16.42) ഉപയോഗിക്കാത്തത് താഴെ കൊടുത്തരീതിയിൽ അധിക ചെലവിന് ഇടയാക്കിയിട്ടുണ്ട്.

1.10cm കനത്തിൽ DAR Sub Head 4-ലെ 4.1.8എന്ന ഇനം പ്രകാരം 47.33 m3 ന് @5653/m3 പ്രകാരം ചെലവായ തുക=2,67,556.49

2. 7.5cm കനത്തിൽ DAR Sub Head 16-ലെ 16.42ഇനം പ്രകാരം 35.47m3 ന് @7163.53/m3പ്രകാരം ചെലവായ തുക=2,54,090.41

3. 15 cm കനത്തിൽ DAR Sub Head 16-ലെ 16.42ഇനം പ്രകാരം 70.96m3 ന് @7163.53/m3 നിരക്കിൽ നൽകാവുന്ന തുക=70.96 x 7163.53 = 5,08,324.09

അധിക ചെലവ് = (2,67,556.49 + 2,54,090.41)--(5,08,324.09)

= 5,21,646.90—5,08,324.09 = 13,322.81

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽനിന്നും പ്രസ്തുത റോഡ് പട്ടികവർഗ്ഗക്കാരുടെ താമസസ്ഥലത്തേക്ക് എത്തിച്ചേരാനുള്ള പ്രവേശനമാർഗ്ഗമാണ്. വാഹനഗതാഗതം അത്രയൊന്നും ഇല്ലാത്ത ഇത്തരം റോഡിൽ കോൺക്രീറ്റിംഗ് പ്രവൃത്തികൾ DARൽ റോഡ് പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന 16 ാം അദ്ധ്യായത്തിലെ ഇനം 16.42 പ്രകാരം നിർവ്വഹിക്കാതിരുന്നതിനുള്ള വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി തൃപ്തികരമല്ലാത്തതിനാൽ നഷ്ടം വന്ന തുക 13,323 രൂപ നിരാകരിക്കുന്നു.

# 3-27 തൊട്ടിപ്പാൾ തെക്കെ ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി- തുടർനടപടികളെടുക്കേണ്ടതാണ്

തൊട്ടിപ്പാൾ തെക്കെ ലക്ഷംവീട് കുടിവെള്ള പദ്ധതിക്കായി 8,18,727 രൂപ ചെലവഴിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയനുസരിച്ച് (16, ഖണ്ഡിക 7.12.1) കുടിവെള്ള പ്രൊജക്റ്റുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതരത്തിലുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കുകയും തുടർനടത്തിപ്പ് സമിതിയെ ഏൽപ്പിച്ചതിന്റെയും വിശദാംശങ്ങൾ നല്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.19)നൽകിയതിന് ഗുണഭോക്താക്കളുടെ യോഗം ചേരുകയും ഗുണഭോക്തൃസമിതിയുടെ ഭാരവാഹികളെ തെരഞ്ഞെടുത്ത കാര്യം രേഖാമൂലം ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. തുടർനടത്തിപ്പ് പ്രസ്തുത സമിതിയെ ഏൽപ്പിച്ചിട്ടില്ലെങ്കിൽ നടപടികളെടുക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

**4-4 .(i)വായ്പ/വായ്പ തിരിച്ചടവ്**

**4-5 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-6ഓഡിറ്റ് റിക്കവറി**

ഇല്ല

**4-7 ഓഡിറ്റ് പ്രത്യവലോകനം**

**എ) സംക്ഷിപ്ത വിവരം**

| | 2014-15 | 2015-16 |
|---|---|---|

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56947579 | 55505404 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51104093 | 63006924 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല | 13323 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 968300/- | 475000/- |

## ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-26 | 13323/- | ഷൈബി ജോർജ്ജ്,അസി എക്സി.എൻജിനീയർ |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 348300/- | എം സുധ,ശിശു വികസന പദ്ധതി ഓഫീസർ |
| 3-4 | 50000/- | പി.ഒ.ജോസഫ് ,സെക്രട്ടറി |
| 3-5 | 550000/- | ഡോ.രാജീവ്,സൂപ്രണ്ട് |

| | | |
|---|---|---|
| 3-6 | 20000/- | പി.ഒ.ജോസഫ്,സെക്രട്ടറി |
| 3-22 | 75000/- | എം.സുധ,ശിശു വികസന പദ്ധതി ഓഫീസർ |
| 3-24 | 400000/- | ഡോ.രാജീവ്,സൂപ്രണ്ട് |
| ആകെ | 1443300/- | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈബി ജോർജ്ജ്, അസിസ്റ്റന്റ് എക്സിക്യുട്ടീവ് എൻജിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം, | കാളിന്ദി റസിഡൻസ്, 10C വടക്കേസ്റ്റാന്റ്, തൃശ്ശൂർ |

**4-8-തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | നം.എൽ.എഫ്.ടി.8-328/99/01-07-99 | |
| 98-99 | എൽ.എഫ്.ടി 16-1422/02/02-08-03 | |
| 99-00 | എൽ.എഫ്.ടി 16-1423/02/30-09-03 | |
| 00-01,01-02 പ്ലാൻ | എൽ.എഫ്.ടി 16-53/04/01-03-04 | |
| 00-01 | എൽ.എഫ്.ടി 21-2466/07/09-01-09 | |
| 01-02 | എൽ.എഫ്.ടി 21-2645/07/09-01-09 | |
| 02-03 | എൽ.എഫ്.ടി 21-2604/07/09-01-09 | |
| 03-04 | എൽ.എഫ്.ടി 21-2463/07/09-01-09 | |
| 04-05 | എൽ.എഫ്.ടി 21-2462/07/09-01-09 | |
| 05-06 | എൽ.എഫ്.ടി 21-789/09/09-05-10 | |

| | | |
|---|---|---|
| 06-07 | എൽ.എഫ്.ടി 21-790/09/30-03-10/06-08-10 | |
| 07-08 | എൽ.എഫ്.ടി (ബി.പി)1618/11/16-04-12 | |
| 08-09 | എൽ.എഫ്.ടി (ബി.പി)1619/11/16-04-12/03-08-12 | |
| 09-10 | എൽ.എഫ്.ടി(ബി.പി)1620/11/16-04-12/03-08-12 | |
| 10-11 | എൽ.എഫ്.ടി(ബി.പി)2294/12/08-02-13/03-06-13 | |
| 11-12 | എൽ.എഫ്.ടി(ബി.പി)206/13/08-05-13/02-09-13 | |
| 12-13 | എൽ.എഫ്.ടി(ബി.പി)1021/14 | |
| 13-14 | കെ എസ് എ ടിഎസ് ആർ-(ബി പി 2)1703/15/1.1.16/3.2.16 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**